പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7177

11/07/2014 ൽ മറുപടിയ്ക്ക്

## സർവ്വേ- ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേ-ഭൂരേഖാ വകുപ്പിൽ ഡ്രാഫ്റ്റ്മാൻ ഗ്രേഡ്-II-ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) സർവെയും ഭൂരേഖയും വകുപ്പിൽ രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻമാരുടെ 21 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 18 ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട ചെയ്തിട്ടുള്ളതും നിയമന നടപടിയിലിരിക്കുന്നതുമാണ്. ഇനിയും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള 3 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) സ്പെഷ്യൽ റൂൾ പ്രകാരം ബൈപ്രൊമോഷൻ മുഖേന നികത്തേണ്ട ഒഴിവുകൾ നികത്താത്തതിന് കാരണം വ്യക്തമാക്കാമോ; | (ബി) ബൈ പ്രൊമോഷൻ വഴി നികത്തുന്നതിന് മതിയായ അർഹരായ അപേക്ഷകരില്ല. |
| (സി) ബൈപ്രൊമോഷൻ മുഖേന പ്രൊമോഷൻ ലഭിക്കാൻ യോഗ്യരായവരുടെ അഭാവത്തിൽ ഈ ഒഴിവുകളിൽ നേരിട്ട് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) ഇതു സംബന്ധിച്ചുള്ള റൂളുകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ